# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

## കർഷകർക്ക് ഫാം ലൈസൻസ് എടുക്കണമെന്ന ചട്ടം പുനഃപരിശോധിക്കുന്നതിന് നടപടി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3410 08.11.19- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വ്യാവസായികമായി പശുക്കളെ വളർത്തുന്നവർക്ക് ലൈസൻസ് നിർബന്ധമാക്കി പഞ്ചായത്ത് ചട്ടം പുതുക്കിയിട്ടുണ്ടോ; | (എ) | 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ് പശുക്കളെ വളർത്തുന്നതിന് പഞ്ചായത്ത് ലൈസൻസ് അനുവദിക്കുന്നത്. ടി ചട്ടങ്ങൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അതുമൂലം അഞ്ച് പശുക്കളിലധികം വളർത്തുന്നവർക്ക് ഫാം ലൈസൻസ് എടുക്കേണ്ട സാഹചര്യമുണ്ടോ; | (ബി) | 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം 3(1) പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതൽ വളർത്തുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുള്ള പ്രവർത്തിയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് ചെറുകിട ക്ഷീരകർഷകർക്ക് പോലും പഞ്ചായത്ത് അധികൃതർ നോട്ടീസ് നൽകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | സാധാരണക്കാരായ ചെറുകിട ക്ഷീരകർഷകർക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ നിബന്ധന പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ